**പതിമൂന്നാം കേരളനിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2654** 19/06/2014 -ൽ മറുപടി നൽകേണ്ടിയിരുന്നത്

## പത്താം ക്ലാസ്സിൽ നൂറുശതമാനം വിജയത്തിനായി ഒൻപതാം ക്ലാസ്സിൽ തോൽപ്പിക്കൽ

| ചോദ്യം | ഉത്തരം നല്കേണ്ടിയിരുന്നത് |
|---|---|
| ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ : | പി.കെ.അബ്ദു റബ്ബ് (മുൻ വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| പത്താം ക്ലാസ്സിൽ നൂറ് ശതമാനം വിജയം കൈവരിക്കുന്നതിന് ഒൻപതാം ക്ലാസ്സിൽ വിദ്യാർത്ഥികളെ തോൽപ്പിക്കുന്ന എന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും സ്കൂളിനെതിരെ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | മലപ്പുറം ജില്ലയിലെ വണ്ടൂർ വിദ്യാഭ്യാസ ജില്ലയുടെ കീഴിലുള്ള അരീക്കോട് എസ്.ഒ.എച്ച്.എസിൽ ഒൻപതാം ക്ലാസ്സിൽ തോൽപ്പിച്ചതിൽ മനം നൊന്ത ഒരു വിദ്യാർത്ഥിനി ആത്മഹത്യ ചെയ്തതുമായി ബന്ധപ്പെട്ട് ഉണ്ടായ മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ അന്വേഷണം നടത്തുകയും, കുറ്റക്കാരായ അദ്ധ്യാപകർക്കെതിരെ നടപടി സ്വീകരിക്കാൻ മാനേജരോട് നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി അദ്ധ്യാപകരെ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിക്ക് മുമ്പാകെ വിളിച്ചുവരുത്തി ശക്തമായ താക്കീത് നൽകിയിട്ടുണ്ട്. മറ്റ് സ്കൂളുകളിൽ നിന്നും പരാതി ഒന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ